ഇഗ്നോയുടെ ലൈബ്രറി സയൻസ് ഡിഗ്രി കോഴ്സ്

135 (3012) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഇഗ്നോ'യുടെ ലൈബ്രറി സയൻസ് ഡിഗ്രി കോഴ്സ് കേന്ദ്ര സർക്കാരും സംസ്ഥാനത്തെ കാലിക്കറ്റ്- കൊച്ചിൻ-എം.ജി. സർവ്വകലാശാലകളും ഉപരിപഠനത്തിനും ജോലിയിൽ പ്രവേശിക്കുന്നതിനും അംഗീകരിച്ചിട്ടുള്ളതാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള യൂണിവേഴ്സിറ്റി പ്രസ്തുത കോഴ്സ് ജോലിയിലുള്ളവർക്ക് പ്രമോഷൻ നൽകുന്നതിന് മാത്രമേ അംഗീകരിച്ചിട്ടുള്ളൂ എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ കോഴ്സ് ഉപരിപഠനത്തിനും ജോലിയിൽ പ്രവേശിക്കുന്നതിനും കേരള യൂണിവേഴ്സിറ്റിയിലും അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നിയമാനുസൃതമുള്ള അപേക്ഷ ലഭിച്ചാൽ സർവ്വകലാശാലയുടെ അക്കാഡമിക് സമിതികളുടെ തീരുമാനത്തിന് വിടുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ

136 (3013) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരള സംസ്ഥാന ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന് എത്ര ഓഫീസുകൾ ഉണ്ടായിരുന്നു; അവ എവിടെയൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) 31-1-2000-ൽ എത്ര ഓഫീസുകൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രസ്തുത സ്ഥാപനത്തിൽ സ്ഥിരം ജീവനക്കാരും , താൽക്കാലിക ജീവനക്കാരും എത്ര വീതം ഉണ്ടായിരുന്നു ;

(ഡി) 31-1-2000-ൽ മൊത്തം സ്ഥിരം ജീവനക്കാർ എത്ര ? മൊത്തം താൽക്കാലികമോ ; കോൺട്രാക്ട് അടിസ്ഥാനത്തിലോ ഉള്ള ജീവനക്കാർ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) 7-7-1999നു ശേഷം എത്ര താൽക്കാലിക ജീവനക്കാർക്ക് നിയമനം നൽകിയെന്നും അവർ ആരെല്ലാം ആണെന്നും ഉള്ള വിവരം അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly